**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2380** **07-07-2022 - ൽ മറുപടിയ്ക്ക്**

**പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധന റിപ്പോർട്ട് സമർപ്പണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കെ.കെ.രമ** | | **ശ്രീ കെ എൻ ബാലഗോപാൽ (ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച സമിതിയുടെ റിപ്പോർട്ട് എന്നാണ് സർക്കാരിന് സമർപ്പിച്ചത് ; പ്രസ്തുത റിപ്പോർട്ട് സർക്കാർ പ്രസിദ്ധീകരിക്കുകയുണ്ടായോ; റിപ്പോർട്ട് നിലവിൽ ഏതു വകുപ്പിന്റെ പരിഗണനയിലാണുള്ളത് ; | (എ) | പങ്കാളിത്ത പെൻഷൻ പുനഃ പരിശോധനാ സമിതിയുടെ റിപ്പോർട്ട് 30-04-2021 ന് സമർപ്പിച്ചിട്ടുണ്ട്. ആയത് ധനകാര്യ വകുപ്പിൽ പരിശോധിച്ചു വരുന്നു. റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ബി) | റിപ്പോർട്ടിലെ ശിപാർശകൾ നടപ്പാക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിന് മറ്റേതെങ്കിലും സമിതിയെ നിയോഗിക്കുകയുണ്ടായോ ; വിശദാംശം ലഭ്യമാക്കുമോ ; | (ബി) | നിയോഗിച്ചിട്ടില്ല. |
| (സി) | സമർപ്പിക്കപ്പെട്ട് ഒരു വർഷത്തിലേറെയായ പ്രസ്തുത റിപ്പോർട്ട് പ്രസിദ്ധീകരിക്കണമെന്ന് വിവരാവകാശ കമ്മീഷനും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലും ഉത്തരവിട്ടിട്ടും നിയമസഭാംഗങ്ങൾ സഭയിൽ ആവശ്യപ്പെട്ടിട്ടും റിപ്പോർട്ട് പ്രസിദ്ധീകരിക്കാതിരിക്കുന്നതിനുള്ള കാരണങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (സി) | റിപ്പോർട്ടിന്മേലുള്ള പരിശോധന പുരോഗമിക്കുന്നു. നയപരമായ തീരുമാനം ആവശ്യമുള്ളതിനാൽ പരിശോധന പൂർത്തിയായി റിപ്പോർട്ടിന്മേൽ തീരുമാനം കൈക്കൊണ്ടശേഷം ആയത് പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ